പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1346 | 15.6.2012-ൽ മറുപടിക്ക്

## സിറ്റികോർപ്പറേഷനുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ സംസ്കരണാർത്ഥം ഓരോ കോർപ്പറേഷനും ഇതേവരെ എത്ര വീതം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; | എ) ഉറവിടമാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ വീടുകളിൽ $1/2m^3$ കപ്പാസിറ്റിയുള്ള 4000 ബയോഗ്യാസ് പ്ലാന്റുകളും 1 m3 കപ്പാസിറ്റിയുള്ള 250 ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനും കൊല്ലം നഗരസഭയിലെ വീടുകളിൽ $1/2m^3$ കപ്പാസിറ്റിയുള്ള 4000 ബയോഗ്യാസ് പ്ലാന്റുകളും 1 m3 കപ്പാസിറ്റിയുള്ള 4000 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിലേക്ക് 23-3-12-ൽ ശുചിത്വമിഷനിൽ നിന്നും സാങ്കേതിക അനുമതി സർക്കാർ സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) വിവിധ അളവുകളിലുള്ള പ്ലാന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | ബി) $1/2m^3$ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് 6500 രൂപയും 1m3 കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റിന് 10000/- |

രൂപയുമാണ് സർക്കാർ നിരക്ക് അംഗീകരിച്ചിട്ടുള്ളത്. ഇതിൽ $1/2m^3$ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ 50% സർക്കാർ സബ്സിഡിയായും 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയായും അനുവദിച്ചു നൽകി വരുന്നു.

എന്നാൽ 1 m3 കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ പരമാവധി തുകയായ 5000/- രൂപ സർക്കാർ സബ്സിഡിയായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സബ്സിഡിയായും കൂട്ടിച്ചേർത്തു നൽകാനേ വ്യവസ്ഥയുള്ളൂ. സബ്സിഡി തുക ബയോഗ്യാസ് പ്ലാന്റുകളുടെ കാര്യത്തിൽ വർദ്ധിപ്പിച്ച് 75% മായി ഉയർത്തിയിട്ടുണ്ട്. ഇതിൽ 50% സർക്കാരും 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബാക്കി വരുന്ന 25% ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്.

സി) ഓരോ കോർപ്പറേഷനും എത്ര വീതം യൂണിറ്റുകൾക്ക് ഇതേവരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്;

ഡി) പ്രവർത്തനക്ഷമമായ എത്ര യൂണിറ്റുകൾക്ക് ഇനി സബ്സിഡി നൽകാനുണ്ട് ?

സി) & ഡി) കോർപ്പറേഷനുകളിലെ വീടുകളിൽ സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രവൃത്തിയും പദ്ധതി നിർവ്വഹണം നടത്തുന്ന ജോലിയും ബന്ധപ്പെട്ട നഗരസഭകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എത്ര വീതം ബയോ ഗ്യാസ് പ്ലാന്റുകൾ നാളിതുവരെ നിർമ്മിച്ചെന്നും, സബ്സിഡി അനുവദിച്ചു എന്നും, പ്രവർത്തനക്ഷമമായ എത്ര യൂണിറ്റുകൾക്ക് ഇനി സബ്സിഡി നല്കാനുണ്ട് എന്നുമുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ